സി. കെ. സുജിത്കുമാറും കെ. ഉമാദേവിയും ചേർന്ന് തയ്യാറാക്കിയതും 2010 ജൂൺ 5 ന് നിളാ ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കാനിരുന്നതും കേരളത്തിലെ പുഴകളുടെ പാരിസ്ഥിതിക ശോഷണത്തെ കുറിച്ചുള്ള പഠനവുമായ **പുഴമലയാളം** എന്ന പുസ്തകം ചില പ്രധാനപ്പെട്ട കാരണങ്ങളാൽ അന്നേ ദിവസം പ്രകാശനം നടത്താൻ സാധിക്കില്ലെന്ന് ഗ്രന്ഥകർത്താക്കളായ ഞങ്ങൾ ഖേദപൂർവം അറിയിക്കുകയാണ്. പുസ്തകം കൂടുതൽ ആധികാരികമാക്കുന്നതിനും സമഗ്രത വർദ്ധിപ്പിക്കുന്നതിനും ഉള്ളടക്കത്തിൽ ചില അഴിച്ചുപണികളും കൂട്ടിച്ചേർക്കലുകളും ക്രമീകരണങ്ങളും ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനെതുടർന്നാണ് ഞങ്ങൾ ഇത്തരമൊരു തീരുമാനത്തിലെത്തിയത്. അതിന് ഞങ്ങൾക്ക് കുറച്ചുകൂടി സമയം ആവശ്യമുണ്ട്. പുസ്തകത്തിന്റെ മൊത്തതിലുള്ള മിഴിവ് കൂട്ടുന്നതിന് തീർച്ചയായും ഇത് സഹായകമാകുമെന്നതിനാൽ ഞങ്ങളുടെ ഈ തീരുമാനത്തെ ഏവരും അനുകൂല മനോഭാവത്തോടെ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഞങ്ങളുദ്ദേശിച്ച രീതിയിൽ പുസ്തകത്തിന്റെ പണി പൂർത്തിയാക്കുന്നതിന് ജൂലായ് 10 വരെ സമയം വേണ്ടിവരും. അതിനനുസരിച്ച് പുസ്തക പ്രകാശനത്തിന് പുതിയൊരു തിയതി നിളാ ഫൗണ്ടേഷൻ കണ്ടെത്തുകയും ചെയ്യും. പുസ്തകം വൈകുന്നതിൽ ഏവരോടും ക്ഷമ ചോദിക്കുന്നു. എല്ലാ സുമനസ്സുകളുടെയും പൂർണ സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

എന്ന് ഗ്രന്ഥകർത്താക്കൾക്കുവേണ്ടി
വിശ്വസ്തതയോടെ
സി.കെ. സുജിത്കുമാർ